ഖണ്ഡിക 403-ൽ പറഞ്ഞിരുന്ന സപ്ലൈകോ വിൽപ്പനശാലകളോടൊപ്പം ന്യായവില ഷോപ്പുകൾ അനുവദിക്കുന്നതാണ് എന്നും അതിന്റെ പ്രാരംഭമായി ഓരോ നിയോജകമണ്ഡലത്തിലും മാവേലി സ്റ്റോറുകൾ തുടങ്ങുന്നതാണ് എന്നുള്ള പ്രഖ്യാപനം സാമ്പത്തിക പരിമിതിമൂലം ആരംഭിച്ചിട്ടില്ല. എം.എൽ.എ.മാരുടെ പ്രാദേശിക വികസനഫണ്ട് ഉപയോഗിച്ചുകൊണ്ട് നടപ്പിലാക്കുന്നതിനായിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. അതോടൊപ്പംതന്നെ 50 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതാണ് എന്ന പ്രഖ്യാപനത്തിന്റെ ഭാഗമായി തീരദേശ-മലയോര-പിന്നോക്ക പ്രദേശങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെ 10 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ സപ്ലൈകോ ആരംഭിച്ചിട്ടുണ്ട്.

2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കുട്ടനാട്ടിൽ കർഷകർക്ക് നെല്ലിന്റെ സംഭരണവില നൽകാൻ ഉണ്ടായ കാലതാമസം

229 (1263) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ കുട്ടനാട്ടിൽ നിന്നും എത്ര രൂപയുടെ നെല്ല് സംഭരിച്ചു എന്ന് വിശദമാക്കാമോ ;

(ബി) സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് എത്ര ദിവസം കഴിഞ്ഞാണ് ലഭ്യമാക്കിയതെന്ന് വിശദമാക്കാമോ ;

(സി) സംഭരണ വില കാലതാമസം കൂടാതെ കർഷകർക്ക് ലഭ്യമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന 2014-15, 2015-16 വർഷങ്ങളിൽ കുട്ടനാട്ടിൽനിന്നും സംഭരിച്ച നെല്ലിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു :

2014-15 - 166737995 Kgx19 = 316.80 കോടി രൂപ

2015-16 - 87802746 Kgx19 = 166.82 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ബി) 15 മുതൽ 45 ദിവസം 26-3-2015 വരെ നെല്ല് ഏറ്റെടുത്ത് കൈപ്പറ്റ് രസീത് തന്നവർക്ക് നെല്ലിന്റെ വില പൂർണ്ണമായും നൽകിയിട്ടുണ്ട്.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക്, നെല്ലിന്റെ സംഭരണവില അടിയന്തരമായി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ സപ്ലൈ ഓഫീസ്

230 (1264) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരധികാരമേറ്റശേഷം പുതിയ താലൂക്ക് സപ്ലൈ ഓഫീസുകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പുതുതായി രൂപീകരിച്ച വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ സപ്ലൈ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി താലൂക്ക് സപ്ലൈ ഓഫീസുകൾ അനുവദിച്ചിട്ടില്ല. എന്നാൽ, സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച വെള്ളരിക്കുണ്ട് ഉൾപ്പടെയുള്ള 12 താലൂക്കുകളിലും സപ്ലൈ ഓഫീസുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

റേഷൻ കാർഡുകളുടെ വിതരണം

231 (1265) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകളുടെ വിതരണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇതിനായുള്ള ഡാറ്റാ എൻട്രി, വിവരശേഖരണം എന്നീ പ്രവൃത്തികൾ ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് ;

(സി) പുതിയ കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(ഡി) ആയത് എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly